പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 414

28.06.2012 -ൽ മറുപടിയ്ക്ക്

## ഉല്പന്നങ്ങളുടെ വ്യാജ പരസ്യം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | | ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃകാര്യവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഇല്ലാത്ത ഗുണങ്ങൾ പറഞ്ഞു കൊണ്ടുള്ള വിവിധ ഉല്പന്നങ്ങളുടെ വ്യാജ പരസ്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ പരസ്യം നല്കി ഉപഭോക്താക്കളെ വഞ്ചിച്ചതായി ഏതെങ്കിലും ഉപഭോക്താവ് രേഖാമൂലം പരാതി സമർപ്പിക്കുകയാണെങ്കിൽ ആയതിന്മേൽ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിനും, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും നടപടി സ്വീകരിക്കാവുന്നതാണ്. സ്വമേധയാ കേസെടുക്കുന്നതിനുള്ള അധികാരം ഫോറങ്ങൾക്കോ കമ്മീഷനോ ഇല്ല. |
| (ബി) ശാസ്ത്രീയമായി തെളിയിക്കപ്പെട്ട ഗുണങ്ങൾ മാത്രമേ ഉല്പന്നങ്ങളുടെ പരസ്യത്തിൽ ഉൾപ്പെടുത്താവൂ എന്ന നിയമം കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (ബി) | വ്യാജ പരസ്യങ്ങൾ നല്കി ഉപഭോക്താക്കളെ വഞ്ചിക്കുന്ന കമ്പനികൾ/സ്ഥാപനങ്ങൾക്കെതിരെ പൊതുജനങ്ങൾക്ക് നേരിട്ട് സംസ്ഥാന ഉപഭോക്തൃ കമ്മീഷനിലോ, ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലോ പരാതി നൽകാവുന്നതാണ്. പരാതിയുടെ അടിസ്ഥാനത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ/ ഫോറങ്ങൾക്ക് സിവിലും, ക്രിമിനലും നടപടി ചട്ട പ്രകാരം വിധി നടപ്പാക്കുന്നതിന് അധികാരമുണ്ട്. കഴമ്പുള്ള പരാതികളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ കേസ് രജിസ്റ്റർ ചെയ്യാറുണ്ട്. ഇതിന് പുറമേ വ്യാജ പരസ്യങ്ങളിൽ വഞ്ചിതരാകാതിരിക്കാൻ ഉപഭോക്തൃ ബോധവൽക്കരണവും നടത്തി വരുന്നു. ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ ഇന്ത്യൻ ശിക്ഷാനിയമത്തിലെ 420 പോലുള്ള |

വകുപ്പ് അനുസരിച്ചും Section 3 of the Prize Chits and money circulation (Banning) Act 1978 and Section 2(1)(C) r/w Section 7 of Drugs and Magic remedies (objectionable advertisement) Act 1954 പ്രകാരവും കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താറുണ്ട്.

Drugs and Magic remedies (objectionable advertisements) Act, 1954, സെക്ഷൻ 7 പ്രകാരം,

ആക്ടിലെ ഏതെങ്കിലും സെക്ഷൻ പ്രകാരം കുറ്റം ചെയ്താൽ ആദ്യ അവസരത്തിൽ ആറ് മാസം തടവോ പിഴയോ ഇത് രണ്ടും ഒരുമിച്ചോ, തുടർന്നുള്ള കുറ്റകൃത്യങ്ങളിൽ ഒരു വർഷം തടവോ, പിഴയോ ഇത് രണ്ടും ഒരുമിച്ചോ നൽകാൻ വ്യവസ്ഥയുണ്ട്.

തെറ്റായതും തെറ്റിദ്ധരിക്കപ്പെടുന്നതുമായ പരസ്യങ്ങൾ ചെയ്യുന്നത് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരവും ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് (ഒബ്ജക്ഷണബിൾ അഡ്വർട്ടൈസ്മെന്റ്) ആക്ട് പ്രകാരവും കുറ്റകരമാണ്.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾ നൽകിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 സെക്ഷൻ 53 പ്രകാരം 10 ലക്ഷം രൂപ വരെ പിഴ നൽകാവുന്നതാണ്.

സെക്ഷൻ ഓഫീസർ